പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3918 — 21.06. 2019 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി.യുടെ കടബാധ്യത

ചോദ്യം — ഉത്തരം

ശ്രീ.എ.പി.അനിൽ കുമാർ — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) നിലവിൽ കെ.എസ്.ഇ.ബി.യുടെ ശരാശരി പ്രതിമാസ വരവ് ചെലവ് കണക്കുകൾ വ്യക്തമാക്കുമോ; | (എ) 2017-18 സാമ്പത്തികവർഷത്തിലെ ആഡിറ്റ് ചെയ്ത അക്കൗണ്ട് പ്രകാരം പ്രതിമാസ ശരാശരി ചെലവ് 1120.8 കോടി രൂപയും, പ്രതിമാസ ശരാശരി വരവ് 1055.5 കോടി രൂപയുമാണ്. 2018-19-ലെ കണക്കുകൾ പൂർത്തിയാക്കിയിട്ടില്ല. |
| (ബി) കെ.എസ്.ഇ.ബി.യുടെ 31.3.2016-ലെ കടബാധ്യത എത്രയായിരുന്നു; 31.3.2019 പ്രകാരം അത് എത്രയാണ്; | (ബി) ദീർഘകാലവായ്പയും, ഹ്രസ്വകാലവായ്പയും ഓവർഡ്രാഫ്റ്റും ചേർത്ത് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് 31-03-2016-ൽ 5926.49 കോടി രൂപയുടെ കടബാധ്യതയുണ്ടായിരുന്നു. 31-03-2019 ലെ കണക്കുകൾ പ്രകാരം പ്രസ്തുത കടബാധ്യത 7792.56 കോടി രൂപയാണ്. |
| (സി) കടബാധ്യത വർദ്ധിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാരണമെന്താണ്; കടബാധ്യത കുറയ്ക്കുവാൻ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) മൂലധന ചെലവുകൾക്ക് എടുക്കുന്ന വായ്പയുടെ താരീഫ് അടക്കമുള്ള വരുമാനങ്ങളിൽ നിന്ന് ലഭ്യമാകുന്ന തുക റവന്യൂ ചെലവുകൾക്ക് തികയാതെ വരുന്നതുമൂലമുള്ള വിടവ് നികത്തുന്നതിന് എടുക്കേണ്ടിവരുന്ന വായ്പകളും ചേർന്നാണ് കടബാദ്ധ്യത വർദ്ധിക്കുന്നത്. വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നത് റഗുലേറ്ററി കമ്മീഷനാണ്. |
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചുവെന്നും അതിലൂടെ ബോർഡിന് ലഭിച്ച അധിക വരുമാനം എത്രയായിരുന്നുവെന്നും അറിയിക്കുമോ? | (ഡി) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം, ഒരു പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, 17-04-2017-ൽ സ്വമേധയാ പുറപ്പെടുവിച്ച, താരിഫ് പരിഷ്കരണത്തിലൂടെ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്, പ്രതിവർഷം 550 കോടി രൂപയുടെ അധികവരുമാനം ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ